**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3723** **06-08-2021 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി കോളനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി കോളനിയിലെ ഓരോ കുടുംബത്തിനും രണ്ട് ഏക്കർ സ്ഥലത്തിന് കൈവശരേഖ നൽകിയെങ്കിലും ഭവന നിർമ്മാണത്തിനാവശ്യമായ 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ച് മാറ്റുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പന്തപ്ര പുനരധിവാസ കോളനിയിൽ 67 കുടുംബങ്ങൾക്ക് 2 ഏക്കർ വീതം ഭൂമി അനുവദിച്ചു നൽകിയിരുന്നു. ഭവന നിർമ്മാണത്തിനാവശ്യമായ 15 സെന്റ് സ്ഥലത്തേയും പൊതുവായ റോഡിലും നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. |
| (ബി) | ആദിവാസി കോളനിയിൽ അധിവസിക്കുന്നവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷി ആണെന്നിരിക്കെ അവർക്ക് കൃഷി ചെയ്ത് ഉപജീവനം നടത്തുന്നതിനായി അവിടെയുള്ള മരങ്ങൾ മുറിച്ച് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഭവനനിർമ്മാണത്തിനാവശ്യമായ 15 സെന്റ് വീതം കഴിച്ച് ബാക്കിവരുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനായുള്ള അനുമതി വനം വന്യജീവി വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രദേശത്ത് വീടിന് ഭീഷണി സൃഷ്ടിക്കുന്ന പാഴ്മരങ്ങൾ കൂടി മുറിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. പന്തപ്ര കോളനിയിലെ വീടിന് ഭീഷണി സൃഷ്ടിക്കുന്ന 919 എണ്ണം പാഴ് മരങ്ങളുടെ പട്ടിക തയ്യാറാക്കി അവ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള പ്രൊപ്പോസൽ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഡി.എഫ്.ഒ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പന്തപ്ര കോളനിയിൽ വീട് നിർമ്മാണം പൂർത്തീകരിച്ച് കൊണ്ടിരിക്കുന്ന അവസ്ഥയിൽ പ്രധാന ജീവിതമാർഗ്ഗമായ കൃഷി ചെയ്യുന്നതിനായി, വനാവകാശ രേഖ നൽകിയിട്ടുള്ള ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും അവിടെ കൃഷി ചെയ്യുന്നതിനും വേണ്ട സൗകര്യം പ്രസ്തുത കോളനിയിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | വനാവകാശ രേഖ നൽകിയിട്ടുള്ള ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനായുള്ള അനുമതി വനം വന്യജീവി വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ